എ.വൈ.ആർ

ക്ഷണികമായ ഭൗതിക ജീവിതം മാത്രമാണ് മനുഷ്യജീവിതമെന്ന് വിശ്വസിക്കുകയും സ്രഷ്ടാവായ ദൈവത്തെ കുറിച്ച് അശ്രദ്ധരാവുകയും ചെയ്യുന്നവർ തങ്ങൾക്ക് ലഭിക്കുന്ന ഭൗതിക സൗഭാഗ്യങ്ങളിൽ അഹങ്കരിക്കുകയും ഗർവിഷ്ടരാവുകയും ചെയ്യും. ദൈവം കനിഞ്ഞരുളിയ അനുഗ്രഹങ്ങളും യോഗ്യതകളും ദൈവത്തിന്റെ പ്രീതിക്കൊത്ത് വ്യയം ചെയ്യുന്നതിനു പകരം ചെകുത്താന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ചെലവഴിക്കുന്നു. വിശ്വാസികളായ സജ്ജനങ്ങളുടെ നിലപാട് ഇതിൽനിന്ന് ഭിന്നമാണ്.



وَحُشِرَ لِسُلَيْمَانَ جُنُودُهُ مِنَ الْجِنِّ وَالْإِنْسِ وَالطَّيْرِ فَهُمْ يُوزَعُونَ ﴿١٧﴾

17. ജിന്നിന്റെയും മനുഷ്യന്റെയും പക്ഷിയുടെയും പടകൾ സുലൈമാനു വേണ്ടി സംഘടിപ്പിക്കപ്പെട്ടിരുന്നു. അവയൊക്കെയും വ്യവസ്ഥാപിതമായി നിയന്ത്രിക്കപ്പെടുകയും ചെയ്തിരുന്നു.

**17**

وَحُشِرَ لِسُلَيْمَانَ= സുലൈമാനു വേണ്ടി സംഘടിപ്പിക്കപ്പെട്ടു = جُنُودُهُ അദ്ദേഹത്തിന്റെ സൈന്യങ്ങൾ

مِنَ الْجِنِّ وَالْإِنْسِ وَالطَّيْرِ = ജിന്നിൽനിന്നും മനുഷ്യനിൽനിന്നും പക്ഷിയിൽനിന്നും (ജിന്നിന്റെയും മനുഷ്യന്റെയും പക്ഷിയുടെയും)

فَهُمْ يُوزَعُونَ= അവർ (വ്യവസ്ഥാപിതമായി) നിയന്ത്രിക്കപ്പെടുകയും ചെയ്തിരുന്നു

സുലൈമാൻ നബി(അ)യുടെ സൈന്യം അതിവിപുലമായിരുന്നു. ജിന്നിന്റെയും മനുഷ്യന്റെയും പക്ഷിയുടെയും ദളങ്ങൾ അടങ്ങിയതായിരുന്നു അത്. മനുഷ്യഭടന്മാർ ശത്രുക്കളുമായി പൊരുതുമ്പോൾ ജിന്നുസേന മനുഷ്യസാധ്യമല്ലാത്ത സൈനികവും സൈനികേതരവുമായ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. രഹസ്യാന്വേഷണ ഏജൻസിയായും വാർത്താ മാധ്യമമായും വേട്ടക്കാരായും പക്ഷികൾ സേവനം ചെയ്തു. حَشَرَ (ഒരുമിച്ചുകൂട്ടി, സംഘടിപ്പിച്ചു)യുടെ അകർമക രൂപമാണ് حُشِرَ. മതിയാക്കലും തടഞ്ഞുനിർത്തലുമാണ് وزع. പ്രകൃതത്തിൽ ഇതുപയോഗിച്ചിരിക്കുന്നത് നിയന്ത്രിക്കുക എന്ന അർഥത്തിലാണ്. സുലൈമാൻ നബിക്കു വേണ്ടി ജിന്നിന്റെയും മനുഷ്യന്റെയും പക്ഷിയുടെയും സൈന്യം സംഘടിപ്പിക്കപ്പെട്ടിരുന്നു. അവരൊക്കെയും തികച്ചും പരിശീലിപ്പിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്തിരുന്നു എന്നാണ് വചനതാൽപര്യം. ചില വ്യാഖ്യാതാക്കൾ ഈ വാക്യത്തിന് അർഥം കൽപിക്കുന്നതിങ്ങനെയാണ്: സുലൈമാൻ നബിക്ക് മുന്നിൽ മേൽ പറഞ്ഞ സൈനികവ്യൂഹങ്ങളെ ഒരുമിച്ചുകൂട്ടി ഹാജരാക്കി. അപ്പോൾ ഓരോ വ്യൂഹവും അതിലെ മുഴുവൻ അംഗങ്ങളും എത്തിച്ചേരുന്നതിനു വേണ്ടി സുലൈമാൻ നബിയുടെ മുന്നിൽ പ്രവേശിക്കുന്നതിൽനിന്ന് അവരുടെ കമാന്ററുടെ നേതൃത്വത്തിൽ തടഞ്ഞുനിർത്തപ്പെട്ടിരുന്നു. രണ്ടർഥവും സാരാംശത്തിൽ ഒന്നുതന്നെയാണ്.

ചില ആളുകൾ സുലൈമാൻ നബിയുടെ സൈന്യത്തിൽ ജിന്നുകളുടെയും പക്ഷികളുടെയും ഗണങ്ങളുണ്ടായിരുന്നു എന്നു സമ്മതിക്കുന്നില്ല. സൂക്തത്തിൽ പരാമർശിക്കുന്ന പക്ഷികളും ജിന്നുകളും മനുഷ്യർ തന്നെയായിരുന്നുവെന്നാണവരുടെ നിലപാട്. സൈന്യത്തിലുണ്ടായിരുന്ന അതിശക്തരായ ഗിരിജനങ്ങളാണ് ജിന്നുകൾ. അതിവേഗമുള്ള അശ്വഭടന്മാരാണ് പക്ഷികൾ. യഥാർഥ പക്ഷികളും ജിന്നുകളുമൊക്കെ മനുഷ്യരുടെ സൈന്യത്തിൽ ഭടന്മാരാകുന്നത് അവരുടെ യുക്തിക്ക് ഉൾക്കൊള്ളാനാകുന്നില്ല എന്നതാണ് ഈ വ്യാഖ്യാനക്കസർത്തിനു നിദാനം. ഇവിടെ പക്ഷി, ജിന്ന് എന്നീ പദങ്ങൾ ഉപയോഗിക്കപ്പെട്ടിരിക്കുന്നത് ആലങ്കാരികാർഥത്തിലാണെന്ന് സൂചിപ്പിക്കുന്ന യാതൊരു പശ്ചാത്തലവും ഇല്ല. ഉള്ളത് നേരെമറിച്ചുള്ള തെളിവാണ്. നാം പക്ഷിയുടെ ഭാഷ (مَنْطِقَ الطَّيْرِ) പഠിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ തൊട്ടു മുമ്പ് പറയുന്നത്. പക്ഷി എന്നു പറയുന്നത് മനുഷ്യരായ അശ്വഭടന്മാരാണെങ്കിൽ, സുലൈമാൻ നബി തന്റെ ദിവ്യാത്ഭുത സിദ്ധിയും സ്പഷ്ടമായ ദൈവാനുഗ്രഹവുമായി വിളംബരം ചെയ്യുന്നത് തനിക്ക് മനുഷ്യരുടെ ഭാഷ അറിയാം എന്നാകുന്നു. ജിന്നിന്റെയും പക്ഷിയുടെയും സൈന്യത്തോടൊപ്പം മനുഷ്യസൈന്യത്തെയും എടുത്തുപറഞ്ഞിരിക്കുന്നു എന്നതും ജിന്നുകൊണ്ടും പക്ഷികൊണ്ടും ഉദ്ദേശിച്ചത് മനുഷ്യവർഗമല്ലാത്ത രണ്ട് വ്യത്യസ്ത വർഗങ്ങളെയാണെന്നതിന്റെ ശക്തമായ സാഹചര്യത്തെളിവാകുന്നു. തിര്യക്കുകളെ യുദ്ധത്തിലും അല്ലാത്തപ്പോഴും മനുഷ്യർ സേവനത്തിനു

പയോഗിക്കുന്നതിൽ അയുക്തികമായി എന്താണുള്ളത്? പണ്ടും ഇന്നും അത് മനുഷ്യർ ചെയ്തുവരുന്നുണ്ട്. പുരാതനകാലത്ത് കുതിര, ഒട്ടകം, കഴുത, ആന തുടങ്ങിയ മൃഗങ്ങളെ യുദ്ധത്തിൽ ധാരാളമായി ഉപയോഗിച്ചിരുന്നു. പട്ടികൾ കേരളത്തിലെ പോലീസിൽ പോലും സേവനം ചെയ്യുന്നുണ്ട്. അമേരിക്കൻ സൈന്യത്തിലെ പട്ടിപ്പട സാധാരണ ഭടന്മാർക്ക് അസാധ്യമായ പല ദൗത്യങ്ങളും നിർവഹിച്ചുകൊണ്ടിരിക്കുന്നു. എങ്കിൽ അല്ലാഹുവിങ്കൽനിന്ന് പ്രത്യേക അനുഗ്രഹവും അമാനുഷ സിദ്ധികളും ലഭിച്ച ഒരു പ്രവാചകൻ ജിന്നുകളുടെയും മനുഷ്യേതര ജീവികളുടെയും സേവനം സാധ്യമാക്കുന്നത് അസംഭവ്യവും യുക്തിവിരുദ്ധവുമാകുന്നതെങ്ങനെയാണ്? ■

---

حَتَّىٰ إِذَا أَتَوْا عَلَىٰ وَادِ النَّمْلِ قَالَتْ نَمْلَةٌ يَا أَيُّهَا النَّمْلُ ادْخُلُوا مَسَاكِنَكُمْ لَا يَحْطِمَنَّكُمْ سُلَيْمَانُ وَجُنُودُهُ وَهُمْ لَا يَشْعُرُونَ ﴿١٨﴾

18. എത്രത്തോളമെന്നാൽ, സുലൈമാനും പടയും ഉറുമ്പു താഴ്‌വരയിൽ വന്നപ്പോൾ ഒരു ഉറുമ്പ് സഹജീവികൾക്ക് മുന്നറിയിപ്പു നൽകി: അല്ലയോ ഉറുമ്പുകളേ, നിങ്ങളുടെ മാളങ്ങളിൽ കടന്നുകൊള്ളുവിൻ. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അറിയാതെ നിങ്ങളെ ചവിട്ടിയരക്കാൻ ഇടയാകാതിരിക്കട്ടെ.

**18**

حَتَّىٰ إِذَا أَتَوْا = എത്രത്തോളമെന്നാൽ അവർ (സുലൈമാനും പടയും) വന്നപ്പോൾ عَلَىٰ وَادِ النَّمْلِ = ഉറുമ്പു താഴ്‌വരയിൽ

قَالَتْ نَمْلَةٌ = ഒരു ഉറുമ്പു പറഞ്ഞു (സഹജീവികൾക്കു മുന്നറിയിപ്പു നൽകി) يَا أَيُّهَا النَّمْلُ = അല്ലയോ ഉറുമ്പുകളേ

ادْخُلُوا مَسَاكِنَكُمْ = നിങ്ങളുടെ വീടുകളിൽ പ്രവേശിക്കുവിൻ (മാളങ്ങളിൽ കടന്നുകൊള്ളുവിൻ)

لَا يَحْطِمَنَّكُمْ = നിങ്ങളെ ചവിട്ടിയരക്കാ (ൻ ഇടയാകാ) തിരിക്കട്ടെ

سُلَيْمَانُ وَجُنُودُهُ = സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും وَهُمْ لَا يَشْعُرُونَ = അവർ അറിയാ(തെ)ത്ത നിലയിൽ

പക്ഷിഭാഷ മാത്രമല്ല, ഉറുമ്പുപോലുള്ള ചില ക്ഷുദ്രപ്രാണികളുടെ ആശയവിനിമയവും സുലൈമാൻ നബിക്ക് ഗ്രഹിക്കാൻ കഴിഞ്ഞിരുന്നുവെന്ന് വ്യക്തമാക്കുകയാണ്. എത്രത്തോളമെന്നാൽ, സൈന്യസമേതം ഉറുമ്പു താഴ്‌വരയിലൂടെ സഞ്ചരിക്കവെ ഒരു ഉറുമ്പ് സഹജീവികളെ ഇപ്രകാരം അറിയിക്കുന്നതായി അദ്ദേഹം മനസ്സിലാക്കി: ഓ ഉറുമ്പുകളേ, മാളങ്ങളിലൊളിച്ചുകൊള്ളുവിൻ. സുലൈമാനും പടയും അറിയാതെ നിങ്ങളെ ചവിട്ടിയരക്കാൻ ഇടയാകാതിരിക്കട്ടെ. ഈ മുന്നറിയിപ്പ് കേട്ട സുലൈമാൻ നബി കൗതുകം പൂണ്ട് മന്ദഹസിച്ചു. ഉറുമ്പ് ഒരു സമൂഹജീവിയാണ്. അവർക്കിടയിൽ വ്യവസ്ഥാപിതമായ തൊഴിൽ വിഭജനവും കർമവ്യവസ്ഥയുമുണ്ട്. ഓരോ ഉറുമ്പുകൂട്ടവും ഒരു നേതാവിന്റെ കീഴിലായിരിക്കും. ഇത്തരം ജീവികൾക്കിടയിൽ ആശയവിനിമയവും അതിന്റെ മാധ്യമവും ഉണ്ടായിരിക്കുക അനിവാര്യമാകുന്നു. ആ മാധ്യമം ശബ്ദമാകാം, ഗന്ധമാകാം, മറ്റേതെങ്കിലും തരംഗ പ്രസരണമാകാം. സൂക്തത്തിലെ قَالَتْ - مِنْ قَوْلِهَا എന്നീ വാക്കുകൾ ഉറുമ്പുകളുടേത് ശബ്ദഭാഷയാണെന്നതിന്റെ സൂചനയായി കാണുന്നതിൽ തെറ്റില്ല. ഏതായിരുന്നാലും ഉറുമ്പുകൾ വിനിമയം ചെയ്യുന്ന ആശയം ഗ്രഹിക്കാൻ സുലൈമാൻ നബിക്ക് കഴിഞ്ഞിരുന്നുവെന്നതാണ് കാര്യം. نَمْلَةٌ സ്ത്രീലിംഗമാണ്. വിളിച്ചു പറഞ്ഞത് കൂട്ടത്തിൽ ഒരു പെണ്ണുറുമ്പാവാം, ഉറുമ്പുകളുടെ റാണിയാവാം, കാവൽ ഡ്യൂട്ടിയിലുള്ള ഉറുമ്പുമാവാം.

ഈ സൂക്തം പരാമർശിക്കുന്ന 'വാദിന്നംല്'- ഉറുമ്പു താഴ്‌വര- ഏതാണെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾ ഭിന്നിച്ചിരിക്കുന്നു. ഉറുമ്പുകൾ ധാരാളമുള്ള ഏതോ ഒരു പ്രദേശം എന്ന് ഒരു കൂട്ടർ. മക്കക്കും ബസ്വറക്കും ഇടയിൽ ഈ പേരിൽ അറിയപ്പെട്ടിരുന്ന ദേശമാണെന്ന് മറ്റൊരു കൂട്ടർ. വാദിന്നംല് ത്വാഇഫിന്റെ ഭാഗത്താണെന്ന് ഇനിയൊരു കൂട്ടർ. യമനിലെ വാദിന്നംലാണുദ്ദേശ്യമെന്നും അതല്ല സിറിയയിലാണതെന്നും ഒക്കെ അഭിപ്രായപ്പെട്ടവരുണ്ട്. ഏതാണുദ്ദേശ്യമെന്ന് ഉറപ്പിക്കാൻ പര്യാപ്തമായ പശ്ചാത്തല സൂചനയൊന്നുമില്ല. 'നംല്' ഒരു ഗോത്ര നാമമാണ്, അവരുടെ വാസസ്ഥലമാണ് വാദിന്നംല്. 'നംലത്' -ഒരു ഉറുമ്പ്- എന്ന പദം സൂചിപ്പിക്കുന്നത് ആ ഗോത്രത്തിലെ ഒരംഗത്തെയാണ് എന്നുമുണ്ടൊരു വ്യാഖ്യാനം. അതായത് സുലൈമാൻ നബി കേട്ടത് ഉറുമ്പുകളുടെ ശബ്ദമല്ല, മറിച്ച് ഒരു നംല് ഗോത്രക്കാരന്റെ ശബ്ദമാണ്. സുലൈമാൻ നബിക്ക് ഉറുമ്പുകളുടെ സംസാരം ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു എന്ന് സമ്മതിക്കാനുള്ള വൈമുഖ്യമാണെന്നു തോന്നുന്നു ഈ വ്യാഖ്യാനത്തിന്റെ പ്രേരകം. സൂക്തത്തിലെ 'അവർ അറിയാതെ' (وَهُمْ لَا يَشْعُرُونَ) എന്ന വാക്ക് ഈ വ്യാഖ്യാനത്തെ ബാലിശമാക്കുന്നു. എത്ര വലിയ സൈന്യവും യാത്രാമാർഗത്തിലുള്ള ആളുകളെ അറിയാതെ ചവിട്ടിയരക്കുകയില്ല. മാർഗതടസ്സമുണ്ടാക്കുന്നവരെയും ശത്രുക്കളെയും ചവിട്ടിയരച്ചേക്കും. അത് ബോധപൂർവം തന്നെയാണ് ചെയ്യുക. പെട്ടെന്ന് കണ്ണിൽ പെടാത്ത നിസ്സാര ജീവികളെ മാത്രമാണ് അറിയാതെ ചവിട്ടി ഞെരിച്ചു കടന്നുപോവുക. 'നംലത്' മനുഷ്യൻ തന്നെയാണെങ്കിൽ, അയാൾ ഒരു മഹാ സൈന്യത്തിന്റെ വരവു കണ്ട് സ്വന്തം ഗോത്രത്തിന്റെ സുരക്ഷയിൽ ആശങ്കപ്പെടുന്നത് ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരത്ഭുതമാണോ? തന്റെ സൈനികശക്തി കണ്ട് നിരപരാധികൾ ഭയചകിതരാകുന്നത് പ്രവാചകൻ പോകട്ടെ, നീതിമാനായ ഒരു രാജാവ് അതുല്യമായ ദൈവാനുഗ്രഹമായി കരുതി സന്തോഷിക്കുമോ?

وَهُمْ لَا يَشْعُرُونَ എന്ന വാക്കിൽനിന്ന് മുഫസ്സിറുകൾ രണ്ട് ആശയങ്ങൾ നിർധാരണം ചെയ്തിരിക്കുന്നു: ഒന്ന്,

സുലൈമാൻ നബിയും അദ്ദേഹത്തിന്റെ സൈന്യവും അറിഞ്ഞുകൊണ്ട് ആർക്കും -മിണ്ടാപ്രാണികൾക്കു പോലും- ഒരു ദ്രോഹവും ചെയ്തിരുന്നില്ല. ഉറുമ്പ് പോലുള്ള നിസ്സാര ജീവികൾക്കു പോലും അദ്ദേഹത്തിന്റെ നീതിബോധവും ജീവകാരുണ്യവും നന്നായി അറിയാമായിരുന്നു. രണ്ട്, രാജ്യത്തെ മനുഷ്യരായ പൗരന്മാരുടെ മാത്രമല്ല, ഇതര ജീവികളുടെ കൂടി ജീവൻ രക്ഷിക്കേണ്ടതും താൽപര്യങ്ങൾ പൂർത്തീകരിക്കേണ്ടതും രാജാവിന്റെ, ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാകുന്നു. ഈ ഉത്തരവാദിത്തം യഥാവിധി നിർവഹിക്കപ്പെടുമ്പോഴേ രാജനീതി സമ്പൂർണമാകൂ. ■

---

فَتَبَسَّمَ ضَاحِكًا مِنْ قَوْلِهَا وَقَالَ رَبِّ أَوْزِعْنِي أَنْ أَشْكُرَ
نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَىٰ وَالِدَيَّ وَأَنْ أَعْمَلَ صَالِحًا
تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ ﴿١٩﴾

19. ഉറുമ്പിന്റെ വാക്കു കേട്ട് സുലൈമാൻ കൗതുകം പൂണ്ട് പുഞ്ചിരിച്ചു. അദ്ദേഹം പ്രാർഥിച്ചു: നാഥാ, നീ എന്നിലും എന്റെ മാതാപിതാക്കളിലും ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു നന്ദി കാണിക്കാൻ എന്നെ നിയന്ത്രിച്ചുനിർത്തേണമേ; നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ ഞാൻ ചെയ്യാനും! നിന്റെ കാരുണ്യത്താൽ എനിക്ക് നിന്റെ സച്ചരിതരായ ദാസന്മാരുടെ കൂട്ടത്തിൽ പ്രവേശനമരുളുകയും ചെയ്യേണമേ!

**19**

അപ്പോൾ അദ്ദേഹം ചിരിക്കുന്നവനായി (കൗതുകം പൂണ്ട് )പുഞ്ചിരിച്ചു = فَتَبَسَّمَ ضَاحِكًا
അദ്ദേഹം പറഞ്ഞു (പ്രാർഥിച്ചു) = وَقَالَ അവളുടെ വാക്കിനാൽ (ഉറുമ്പിന്റെ വാക്കു കേട്ട്) = مِنْ قَوْلِهَا
നാഥാ, എന്നെ നിയന്ത്രിച്ചുനിർത്തേണമേ, എനിക്ക് ഉതവിയരുളേണമേ = رَبِّ أَوْزِعْنِي
നിന്റെ അനുഗ്രഹത്തിന് ഞാൻ നന്ദി കാണിക്കാൻ =أَنْ أَشْكُرَ نِعْمَتَكَ
നീ എന്നെ അനുഗ്രഹിച്ച (എന്നിലും) =الَّتِي أَنْعَمْتَ عَلَيَّ
ഞാൻ ചെയ്യാനും = وَأَنْ أَعْمَلَ എന്റെ മാതാപിതാക്കളെയും (ക്കളിലും ചൊരിഞ്ഞ അനുഗ്രഹത്തിന്) = وَعَلَىٰ وَالِدَيَّ
അതു നീ തൃപ്തിപ്പെടും (നീ തൃപ്തിപ്പെടുന്ന) = تَرْضَاهُ സൽക്കർമങ്ങൾ =صَالِحًا
നിന്റെ കാരുണ്യത്താൽ = بِرَحْمَتِكَ നീ എന്നെ കടത്തേണമേ (എനിക്കു പ്രവേശനമരുളേണമേ) = وَأَدْخِلْنِي
നിന്റെ നല്ലവരായ അടിമകളിൽ (സച്ചരിതരായ ദാസന്മാരുടെ കൂട്ടത്തിൽ) = فِي عِبَادِكَ الصَّالِحِينَ

ഉറുമ്പിന്റെ വാക്കു കേട്ട സുലൈമാൻ കൗതുകപ്പെട്ട് പുഞ്ചിരിച്ചു. تَبَسَّمَ ضَاحِكًا എന്നാണ് മൂലവാക്ക്. മന്ദസ്മിതമാണ് تبسّم. അനിഷ്ടകരമായ കാര്യമുണ്ടായാലും വെറുക്കുന്നവരെ കണ്ടാലും ചിലപ്പോൾ ആളുകൾ പുഞ്ചിരിക്കും. കൗതുകത്തോടെയും സന്തോഷത്തോടെയും പുഞ്ചിരിച്ചതിനെയാണ് تَبَسَّمَ ضَاحِكًا എന്നു പറയുന്നത്. ഉറുമ്പുകൾക്ക് തന്നിലുള്ള വിശ്വാസവും രക്ഷാബോധവും അതു മനസ്സിലാക്കാൻ തനിക്കു ലഭിച്ച സിദ്ധിയുമാണ് അദ്ദേഹത്തെ കൗതുകപ്പെടുത്തിയതും വിനീതമായി പ്രാർഥിക്കാൻ പ്രചോദിപ്പിച്ചതും. أَوْزِعْنِي എന്ന പ്രാർഥനാ വചനത്തിന് എന്നെ ബോധവാനാക്കേണമേ, സന്നദ്ധനാക്കേണമേ, ഉതവിയരുളേണമേ തുടങ്ങിയ അർഥങ്ങളാണ് സന്ദർഭത്തിൽ പണ്ഡിതന്മാർ നൽകിയിട്ടുള്ളത്. وزع യുടെ ഭാഷാർഥവുമായി കൂടുതൽ യോജിക്കുന്നത്, അസാധാരണവും അതിമഹത്തുമായ ഈ അനുഗ്രഹങ്ങളിൽ താൻ അഹങ്കാരിയും ധിക്കാരിയുമാകാതെ അനുഗ്രഹദാതാവായ അല്ലാഹുവിനോടുള്ള നന്ദിയോടെ വിനീതദാസനായി വർത്തിക്കാൻ എന്നെ നിയന്ത്രിച്ചുനിർത്തേണമേ എന്ന ആശയമാണ്. നിന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചുപോകാതിരിക്കാൻ എന്റെ കടിഞ്ഞാൺ നിന്റെ കരത്തിൽ തന്നെ വെക്കേണമേ. എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്ത അളവറ്റ അനുഗ്രഹങ്ങളോടുള്ള എന്റെ കടപ്പാട് നിർവഹിക്കാൻ, നീ തൃപ്തിപ്പെടുന്ന കർമങ്ങൾ ചെയ്യാൻ എന്റെ കരങ്ങൾക്ക് കരുത്തു പകരേണമേ. പരലോകത്ത് എന്നെ സജ്ജനഗണത്തിൽ ഉൾപ്പെടുത്താൻ കനിയേണമേ.

ഈ സംഭവം ഉദ്ധരിച്ചത് സുപ്രധാനമായ ഒരു തത്ത്വം ഓർമിപ്പിക്കുന്നതിനു വേണ്ടിയാണ്. ക്ഷണികമായ ഭൗതിക ജീവിതം മാത്രമാണ് മനുഷ്യജീവിതമെന്ന് വിശ്വസിക്കുകയും സ്രഷ്ടാവായ ദൈവത്തെ കുറിച്ച് അശ്രദ്ധരാവുകയും ചെയ്യുന്നവർ തങ്ങൾക്ക് ലഭിക്കുന്ന ഭൗതിക സൗഭാഗ്യങ്ങളിൽ അഹങ്കരിക്കുകയും ഗർവിഷ്ടരാവുകയും ചെയ്യും. ദൈവം കനിഞ്ഞരുളിയ അനുഗ്രഹങ്ങളും യോഗ്യതകളും ദൈവത്തിന്റെ പ്രീതിക്കൊത്ത് വ്യയം ചെയ്യുന്നതിനു പകരം ചെകുത്താന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ചെലവഴിക്കുന്നു. വിശ്വാസികളായ സജ്ജനങ്ങളുടെ നിലപാട് ഇതിൽനിന്ന് ഭിന്നമാണ്. അങ്ങനെയുള്ളവരിൽ ഏറെ പ്രമുഖരായിരുന്നു ദാവൂദ് നബിയും സുലൈമാൻ നബിയും. സ്വന്തം ആത്മീയ ജ്ഞാനവും ഭൗതികജ്ഞാനവും ശാസ്ത്ര, സാങ്കേതിക, സൈനിക ശക്തികളുമെല്ലാം അവർ അല്ലാഹു കനിഞ്ഞരുളിയ അനുഗ്രഹങ്ങളായി കാണുകയും അവനോട് ഭയഭക്തിയും വിനയവുമുള്ളവരായി വർത്തിക്കുകയും ചെയ്തു. ദൈവാഭീഷ്ടത്തിന് വിരുദ്ധമായി ഒരടിപോലും അവർ മുന്നോട്ടുവെച്ചിരുന്നില്ല. ■